# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:25-10-2024**

## പ്രധാനവാർത്തകൾ

1) ഇന്ത്യാ -ജർമ്മനി ബന്ധം സുശക്തമായ ജനാധിപത്യ രാജ്യങ്ങൾക്കിടയിലെ പരിവർത്തനാധിഷ്ഠിത പങ്കാളിത്തമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി
2) കേരളത്തിലെ മൂന്ന് മണ്ഡലങ്ങളിൽ നടക്കുന്ന ഉപതിരഞ്ഞെടുപ്പിലേക്ക് നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി അവസാനിച്ചു.
3) നയരൂപീകരണത്തിലും തീരുമാനങ്ങൾ എടുക്കുന്നതിലും ആഗോള തലത്തിൽ സ്ത്രീ പങ്കാളിത്തം ഉറപ്പാക്കണമെന്ന് വേൾഡ് ബാങ്ക് വാർഷിക യോഗത്തിൽ മന്ത്രി വീണാ ജോർജ്.
4) കണ്ണൂർ എ.ഡി.എം നവീൻ ബാബുവിൻ്റെ മരണവുമായ ബന്ധപ്പെട്ട കേസ് അന്വേഷിക്കാൻ പ്രത്യേക പൊലീസ് സംഘത്തെ നിയോഗിച്ചു.
5) സംസ്ഥാനത്ത് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥവകുപ്പ് . എട്ട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

***************

RNU TVPM

## പ്രധാനമന്ത്രി - ജർമ്മൻ ചാൻസലർ

ഇന്ത്യാ -ജർമ്മനി ബന്ധം സുശക്തമായ ജനാധിപത്യ രാജ്യങ്ങൾക്കിടയിലെ പരിവർത്തനാധിഷ്ഠിത പങ്കാളിത്തമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി .

ഇരുരാജ്യങ്ങൾക്കുമിടയിലെ ഏഴാമത് ഗവൺമെൻറ് തല ചർച്ചകൾക്ക് ജർമ്മൻ ചാൻസലർ ഒലാഫ് ഷോൾസിനൊപ്പം അദ്ധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. സംഘർഷങ്ങളുടെയും അനിശ്ചിതത്വത്തിൻ്റെയും കാലത്തിലൂടെയാണ് ലോകം കടന്നുപോകുന്നതെന്നും, ഇന്തോ-പസഫിക് മേഖലയിലെ നിയമവാഴ്ചയും സഞ്ചാര സ്വാതന്ത്ര്യവും സംബന്ധിച്ച് ഗൗരവമായ ആശങ്കകളുണ്ടെന്നും ശ്രീ മോദി ചൂണ്ടിക്കാട്ടി . ഈ സാഹചര്യത്തിൽ കൂടുതൽ കരുത്തു പകരാൻ , ഇന്തോ-ജർമൻ നയതന്ത്ര പങ്കാളിത്തത്തിന് സാധിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

(വോയിസ് പിഎം)

പ്രതിരോധം, സാങ്കേതികവിദ്യ, ഊർജം, സുസ്ഥിര വികസനം തുടങ്ങിയ മേഖലകളിൽ ഇന്ത്യ- ജർമ്മനി സഹകരണം വർദ്ധിക്കുന്നത് ഇരു രാജ്യങ്ങളും തമ്മിലുള്ള പരസ്പര വിശ്വാസത്തിൻ്റെ പ്രതിഫലനമാണെന്നും ശ്രീ മോദി വ്യക്തമാക്കി.

***************

## ഉപതിരഞ്ഞെടുപ്പ്

കേരളത്തിലെ മൂന്ന് മണ്ഡലങ്ങളിൽ നടക്കുന്ന ഉപതിരഞ്ഞെടുപ്പിലേക്ക് നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി ഇന്ന് അവസാനിച്ചു. വയനാട് ലോക്സഭാ മണ്ഡലത്തിലും, ചേലക്കര, പാലക്കാട് നിയമസഭാ മണ്ഡലങ്ങളിലും പ്രചാരണം ഊർജ്ജിതമായി തുടരുകയാണ്.

PNU TVPM

വയനാട് മണ്ഡലത്തിലെ എൽഡിഎഫ് സ്ഥാനാർത്ഥി സത്യൻ മൊകേരി നിലമ്പൂർ നിയമസഭാ മണ്ഡലത്തിലാണ് ഇന്ന് പ്രചാരണം നടത്തിയത്. എൻ ഡി എ സ്ഥാനാർഥി നവ്യഹരിദാസിന്റെ പ്രചാരണത്തിനായുള്ള തിരഞ്ഞെടുപ്പ് കൺവെൻഷൻ കൽപ്പറ്റയിൽ ഇന്ന് നടന്നു. യുഡിഎഫ് സ്ഥാനാർത്ഥി പ്രിയങ്ക ഗാന്ധി പ്രചാരണത്തിനായി ഈ മാസം 28, 29 തീയതികളിൽ വീണ്ടും മണ്ഡലത്തിൽ എത്തും.

ചേലക്കര ഉപതെരഞ്ഞെടുപ്പിലെ ഇടത് സ്ഥാനാർത്ഥി യു ആർ പ്രദീപിന്റെ പ്രചാരണത്തിനായി ഇന്ന് നടന്ന തെരഞ്ഞെടുപ്പ് കൺവെൻഷനിൽ മുഖ്യമന്ത്രി പിണറായി വിജയൻ പങ്കെടുത്തു . എൻഡിഎ സ്ഥാനാർത്ഥി കെ ബാലകൃഷ്ണൻ മുള്ളൂർക്കര പഞ്ചായത്തിലും, യുഡിഎഫ് സ്ഥാനാർത്ഥി രമ്യ ഹരിദാസ് കൊണ്ടാഴി തേക്കിൻകാട് കോളനിയിലും ഇന്ന് പര്യടനം നടത്തി.

RNU TVPM

പാലക്കാട് നിയമസഭാ മണ്ഡലത്തിലെ യു. ഡി എഫ് സ്ഥാനാർഥി രാഹുൽ മാങ്കൂട്ടത്തിൽ ഇന്ന് കാഴ്ചപ്പറമ്പിൽ പ്രചാരണം നടത്തി. എൽ. ഡി. എഫ് സ്ഥാനാർഥി പി സരിൻ വടക്കന്തറയിലും, എൻ. ഡി. എ സ്ഥാനാർഥി സി. കൃഷ്ണകുമാർ മേലാമുറിയിലുമാണ് ഇന്ന് വോട്ടർമാരെ കണ്ടത്.

***************

**<u>വീണാ ജോർജ്</u>**

നയരൂപീകരണത്തിലും തീരുമാനങ്ങൾ എടുക്കുന്നതിലും ആഗോള തലത്തിൽ സ്ത്രീ പങ്കാളിത്തം ഉറപ്പാക്കേണ്ടത് അനിവാര്യമാണെന്ന് മന്ത്രി വീണാ ജോർജ്. വാഷിംഗ്ടൺ ഡിസിയിൽ നടന്ന വേൾഡ് ബാങ്ക് വാർഷിക യോഗങ്ങളിൽ പങ്കെടുക്കുകയായിരുന്നു

മന്ത്രി. സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിലെ പ്രതിബന്ധങ്ങൾ ഇല്ലാതാക്കുക എന്ന വിഷയത്തിൽ യോഗത്തിൽ ചർച്ച നടന്നു .തൊഴിൽ മേഖലയിൽ സ്ത്രീ പങ്കാളിത്തം വർധിപ്പിക്കുന്നതിന് കേരളം വിവിധ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതായും അതിന്റെ പ്രതിഫലനം തൊഴിൽ മേഖലയിൽ ഉണ്ടായിത്തുടങ്ങിയതായും മന്ത്രി ചൂണ്ടിക്കാട്ടി.

***************

## എ ഡി എം കെ നവീൻ

കണ്ണൂർ എ ഡി എം കെ നവീൻ ബാബുവിൻ്റെ മരണവുമായ ബന്ധപ്പെട്ട കേസ് അന്വേഷിക്കാൻ പ്രത്യേക പൊലീസ് സംഘത്തെ നിയോഗിച്ചു. കണ്ണൂർ ജില്ലാ പൊലീസ് മേധാവി അജിത്ത് കുമാറിന്റെ നേതൃത്വത്തിലാണ് ആറംഗ അന്വേഷണ സംഘം പ്രവർത്തിക്കുക. കണ്ണൂർ റേഞ്ച് ഡിഐജിക്ക് അന്വേഷണത്തിൻ്റെ മേൽനോട്ട ചുമതല നൽകിയിട്ടുണ്ട്. അതേസമയം കേസുമായി ബന്ധപ്പെട്ട് കണ്ണൂർ മുൻ പഞ്ചായത്ത് പ്രസിഡൻറ് പി പി ദിവ്യ സമർപ്പിച്ച മുൻകൂർ ജാമ്യാപേക്ഷയിൽ തലശ്ശേരി പ്രിൻസിപ്പൽ സെഷൻസ് കോടതി ചൊവ്വാഴ്ച വിധി പറയും.

***************

## നിയമപരിഷ്കരണ കമ്മീഷൻ

പുതുക്കിയ കേന്ദ്ര ക്രിമിനൽ നിയമങ്ങൾക്ക്, കേരളത്തിലെ സാഹചര്യം കണക്കിലെടുത്ത് ഭേദഗതികൾ ആവശ്യമെങ്കിൽ നിർദ്ദേശങ്ങൾ ലഭ്യമാക്കാൻ സംസ്ഥാന നിയമ പരിഷ്കരണ കമ്മീഷനെ ചുമതലപ്പെടുത്തി സംസ്ഥാന സർക്കാർ . ഭരണഘടനയുടെ കൺകറൻ്റ് ലിസ്റ്റിൽ ഉൾപ്പെടുന്ന വിഷയമെന്ന നിലയിൽ ഇതിനുള്ള സാധ്യത പരിശോധിക്കാനാണ് കമ്മീഷനോട് ആവശ്യപ്പെട്ടിരിക്കുന്നതെന്ന് നിയമ മന്ത്രി പി.രാജീവ് പറഞ്ഞു.

***************

RNU TVPM

## സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത-കെ രാജൻ

സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിച്ച ജില്ലയായി കാസർകോടിനെ റവന്യൂ മന്ത്രി കെ രാജൻ പ്രഖ്യാപിച്ചു.

രാജ്യത്ത് സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിക്കുന്ന ആദ്യ ജില്ലയാണ് കാസർഗോഡ്.

100 ശതമാനം ഡിജിറ്റൽ സാക്ഷരത നേടുന്ന രണ്ടാമത്തെ ജില്ല കോഴിക്കോടാണ്. കോഴിക്കോട് ജില്ലയുടെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത പ്രഖ്യാപനം ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ് നിർവഹിച്ചു

***************

## ലൈവ്സ്റ്റോക്ക് സെൻസസ്

രാജ്യത്തെ മറ്റു സംസ്ഥാനങ്ങൾക്കൊപ്പം കേരളത്തിലും ലൈവ്സ്റ്റോക്ക് സെൻസസിന് തുടക്കമായി . മുഖ്യമന്ത്രിയുടെ വസതിയായ ക്ലിഫ് ഹൗസിലെ വളർത്തു മൃഗങ്ങളുടെ കണക്കെടുത്തുകൊണ്ടാണ് ഇരുപത്തിയൊന്നാമത് ലൈവ്സ്റ്റോക്ക് സെൻസസിന് തുടക്കമായത്. ഇനിയുള്ള നാല് മാസക്കാലയളവിൽ പരിശീലനം നേടിയ കുടുംബശ്രീ പ്രവർത്തകർ സംസ്ഥാനത്തെ 1 കോടി 6 ലക്ഷത്തോളം വരുന്ന വീടുകളും സ്ഥാപനങ്ങളും സന്ദർശിച്ചു വിവര ശേഖരണം നടത്തും.

RNU TVPM

***************

## മഴ-ഒ.ആർ കേളു

സംസ്ഥാനത്ത് മഴ ശക്തമാകുന്ന സാഹചര്യത്തിൽ പട്ടിക വിഭാഗ മേഖലകളിൽ ആവശ്യമായ സൗകര്യങ്ങളൊരുക്കാൻ മന്ത്രി ഒ.ആർ കേളു ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. മലയോര മേഖലകളിലെ പല പ്രദേശങ്ങളും ഊരുകളും ഒറ്റപ്പെടാനിടയുള്ള സാഹചര്യം കണക്കിലെടുത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഈ

മേഖലകൾ   സന്ദർശിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് നിർദ്ദേശം.

***************

## മഴ

സംസ്ഥാനത്ത് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് . തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു. പാലക്കാട്, മലപ്പുറം,കോഴിക്കോട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. എട്ട് ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് പോകരുതെന്നാണ് മുന്നറിയിപ്പ്.

***************

## നെയ്യാർ, പേപ്പാറ, വാമനപുരം-ഡാം

RNU TVPM

തിരുവനന്തപുരം ജില്ലയിലെ പേപ്പാറ ഡാമിൻ്റെ വൃഷ്ടിപ്രദേശങ്ങളിൽ കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ ഒന്നു മുതൽ നാലു വരെയുള്ള ഷട്ടറുകൾ 10 സെൻറിമീറ്റർ വീതം ഇന്ന് രാത്രി 8 മണിക്ക് ഉയർത്തും .നെയ്യാർ ഡാമിൻ്റെ നാലു ഷട്ടറുകളും നിലവിൽ 15 സെൻറിമീറ്റർ വീതം ഉയർത്തിയിട്ടുണ്ട്. ഇരു ഡാമുകളുടെയും പരിസര പ്രദേശങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പുലർത്തണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. വാമനപുരം നദിയിൽ ജലനിരപ്പ് ഉയരുന്നതിനാൽ പ്രദേശവാസികൾ ജാഗ്രത പാലിക്കാനും നിർദ്ദേശമുണ്ട്.

***************

## പ്രഭാഷണ പരമ്പര

ആകാശവാണി തിരുവനന്തപുരം നിലയത്തിൻറെ 75-ാം വാർഷികത്തോട് അനുബന്ധിച്ചുള്ള പ്രതിമാസ പ്രഭാഷണ പരമ്പര കൊല്ലം ഭരണിക്കാവ് SNDP ഓഡിറ്റോറിയത്തിൽ മറ്റന്നാൾ നടക്കും. എഴുത്തുകാരിയും, സംസ്ഥാന സാക്ഷരതാ

മിഷൻ ഡയറക്ടറുമായ എ.ജി ഒലീന 'വയലാർ മാനവികതയുടെ കവി' എന്ന വിഷയത്തിൽ മുഖ്യ പ്രഭാഷണം നടത്തും. ആകാശവാണി തിരുവനന്തപുരം നിലയം പ്രോഗ്രാം മേധാവി വി. ശിവകുമാർ അധ്യക്ഷത വഹിക്കും.

***************

## കളിക്കളം (ഇൻട്രോ)

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെയും ഹോസ്റ്റലുകളിലെയും വിദ്യാർത്ഥികളുടെ ഏഴാമത് സംസ്ഥാന കായികമേള കളിക്കളത്തിന് തിങ്കളാഴ്ച തിരുവനന്തപുരത്ത് തുടക്കമാകും. മന്ത്രി ഒ.ആർ കേളു മേള ഉദ്ഘാടനം ചെയ്യും. കൂടതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.
(വോയ്സ്)

PIUTVPM

***************

## കുടിവെള്ളം മുടങ്ങും

അരുവിക്കര സബ് സ്റ്റേഷനിൽ നിന്ന് വാട്ടർ അതോറിട്ടിയുടെ ജല ശുദ്ധീകരണ ശാലയിലേക്കുള്ള വൈദ്യുതി വിതരണം തടസപ്പെടുന്നതുമൂലം നാളെ തിരുവനന്തപുരം നഗരത്തിലെ മിക്ക ഭാഗത്തും കുടിവെള്ളം മുടങ്ങും. ഉച്ചയ്ക്ക് 1 മണി മുതൽ രാത്രി ഏഴ് വരെയാണ് ജലവിതരണം തടസപ്പെടുക.

***************

## ക്രിക്കറ്റ്

ഇന്ത്യ - ന്യൂസിലൻഡ് രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ, രണ്ടാം ദിനം കളി അവസാനിക്കുമ്പോൾ ന്യൂസിലാന്റിന് 301 റൺസിൻ്റെ ലീഡ്. രണ്ടാം ഇന്നിംഗ്സിൽ ന്യൂസിലൻഡ് 5 വിക്കറ്റ് നഷ്ടത്തിൽ 198 റൺസ് എന്ന നിലയിലാണ്. ഇന്ത്യ ആദ്യ ഇന്നിംഗ്സിൽ 156 റൺസിന് പുറത്തായിരുന്നു . 259 റൺസാണ് ന്യൂസിലാൻഡ് ഒന്നാം ഇന്നിങ്സിൽ നേടിയത്. ആദ്യ ടെസ്റ്റിൽ വിജയിച്ച് മൂന്ന് കളികളുള്ള പരമ്പരയിൽ മുന്നിട്ട് നിൽക്കുകയാണ് ന്യൂസിലൻഡ് .

***************

**********

***

RNU TVPM